# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1819 — 08-06-2018 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ നടത്തിപ്പിനായി ജില്ലാ ഓഫീസുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പി.ഉബൈദുള്ള** | | **ശ്രീ. കെ.ടി. ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ നടത്തിപ്പിനായി ജില്ലാ തലത്തിൽ ഓഫീസുകൾ ആരംഭിക്കുമെന്ന വാഗ്ദാനം നടപ്പാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചനടപടികൾ വിശദീകരിക്കാമോ;<br><br>(ബി) ജില്ലാ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;<br><br>(സി) വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ക്രോഡീകരിക്കുന്നതിനും ക്രിയാത്മകമായി നടപ്പാക്കുന്നതിനും ജില്ലകളിൽ പ്രവർത്തിക്കുന്ന സെല്ലുകളും കോച്ചിംഗ് സെന്ററുകളും കൂടുതൽ ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (എ), (ബി) & (സി) | വിവിധ ന്യൂനപക്ഷ ക്ഷേമപദ്ധതികൾ ക്രോഡീകരിക്കുന്നതിനും ക്രിയാത്മകമായി നടപ്പാക്കുന്നതിനും 10.08.2015 ലെ സ.ഉ.(പി) നമ്പർ 217/15/പൊ.ഭ.വ. പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിലെ സംരക്ഷിത അധ്യാപകരെ ജില്ലാ ആഫീസർമാരായി നിയമിച്ചുകൊണ്ടും, ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, ന്യൂനപക്ഷയുവജന പരിശീലനകേന്ദ്രങ്ങൾ, ജില്ലാ കളക്ടറേറ്റുകളിലെ ന്യൂനപക്ഷക്ഷേമ സെല്ലുകൾ എന്നീ സ്ഥാപനങ്ങളിലെ തസ്തികകൾ പുനർവിന്യസിച്ചുകൊണ്ടും ന്യൂനപക്ഷ ഡയറക്ടറേറ്റിനു കീഴിൽ 14 ജില്ലകളിലും ജില്ലാ ആഫീസുകൾ രൂപീകരിക്കുന്നതിന് ഉത്തരവായിരുന്നു. ഇത്തരത്തിൽ തസ്തികകൾ പുനർ വിന്യസിക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ജില്ലാ ആഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ